"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - വയനാട് വൈത്തിരി താലൂക്കിലെ വെള്ളരിമല വില്ലേജിൽ മേപ്പാടി പഞ്ചായത്തിൽ ഉണ്ടായ ഉരുൾപ്പൊട്ടലിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് അർഹമായ Ex gratia ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും, Next of Kin ആയവർക്ക് നൽകുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(കൈ) നം.8/2024/DMD തീയതി,തിരുവനന്തപുരം, 14-08-2024

---

പരാമർശം:-
1. സ.ഉ.(കൈ)നം.3/2021/DMD തീയതി 25.09.2021.
2. സ.ഉ.(കൈ)നം.7/2021/DMD തീയതി 25.11.2021.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 02.08.2024 ലെ LR/7736/2024-LR(A6) നമ്പർ കത്ത്.

**ഉത്തരവ്**

വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ വെള്ളരിമല വില്ലേജിൽ മേപ്പാടി പഞ്ചായത്തിൽ 30.07.2024 ൽ ഉണ്ടായ ഉരുൾപ്പൊട്ടലിൽ ധാരാളം പേർ മരണമടയുകയും നിരവധി പേരെ കാണാതാവുകയും ചെയ്തിരുന്നു. ദുരന്തത്തിൽപ്പെട്ടവരുടെ ആശ്രിതർക്ക് അർഹമായ ആനുകൂല്യം ലഭിക്കുന്നതിലേയ്ക്കായി നടപടിക്രമങ്ങളിൽ ഇളവ് വരുത്തേണ്ടത് സംബന്ധിച്ച ശുപാർശ പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു.

2 ) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ വെള്ളരിമല വില്ലേജിൽ മേപ്പാടി പഞ്ചായത്തിലെ 10,11,12 വാർഡുകളിലെ ഉരുൾപ്പൊട്ടലിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് അർഹമായ Exgratia ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും, കോവിഡ് ദുരന്തത്തിലെ ആശ്രിതർക്ക് നൽകിയതിന് സമാനമായി Next of Kin ആയവർക്ക് നൽകുന്നതിന് ദുരന്തനിവാരണ ആക്ടിലെ 19-ാം വകുപ്പ് അനുസരിച്ച് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിക്കുള്ള അധികാരം വിനിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാമർശം (2) സർക്കാർ ഉത്തരവിലെ നിബന്ധനകൾ ഈ വിഷയത്തിലും ബാധകമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

കമ്മീഷണർ, ദുരന്ത നിവാരണം.

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി.

ജില്ലാ കളക്ടർ, വയനാട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി.) വകുപ്പ് .
റവന്യൂ (റ്റി) വകുപ്പ് /റവന്യൂ (DRF A/B) വകുപ്പുകൾ.
വിവര പൊതുജന സമ്പർക്ക വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Sivaprasad V N
Date: 14-08-2024 18:31:27

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ദുരന്ത നിവാരണ വകുപ്പ്- കോവിഡ് ബാധിച്ചുള്ള മരണത്തിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും നൽകുന്ന ധനസഹായം - *'Next of Kin'* എന്നതിന് സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(കൈ) നം.7/2021/DMD തീയതി,തിരുവനന്തപുരം, 25/11/2021

---

പരാമർശം:- 1.11.09.2021 തീയ്യതിയിലെ National Disaster Manangement Authority യുടെ 16/11/2021 RR നമ്പർ കത്ത്

2. 25.09.2021 തീയതിയിലെ സ.ഉ (കൈ) നം.3/2021-ദു.നി.വ

<u>ഉത്തരവ്</u>

കോവിഡ് ബാധിച്ച് മരണപ്പെട്ട വ്യക്തിയുടെ അടുത്ത ബന്ധുവിന് (next of kin) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 50,000/-രൂപ (അമ്പതിനായിരം രൂപ മാത്രം) അനുവദിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. കേന്ദ്ര സർക്കാരിന്റെ പരാമർശം (1) പ്രകാരമുള്ള മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ് ബാധിച്ച് മരണമടഞ്ഞ വ്യക്തിയുടെ *'അടുത്ത ബന്ധുവിന് (next of kin)* ധനസഹായം നൽകാവുന്നതാണ് എന്ന് പ്രതിപാദിച്ചിരിക്കുന്നതിനാൽ **next of kin** എന്നതിന് ചുവടെ കാണും പ്രകാരം സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. കുടുംബത്തിൽ കോവിഡ് ബാധിച്ച മരണപ്പെട്ടത് ഭാര്യയാണെങ്കിൽ ഭർത്താവിന് ധനസഹായം അനുവദിക്കാവുന്നതാണ്.
2. കുടുംബത്തിൽ കോവിഡ് ബാധിച്ച് മരണപ്പെട്ടത് ഭർത്താവാണെങ്കിൽ ഭാര്യക്ക് ധനസഹായം അനുവദിക്കാവുന്നതാണ്.
3. കുടുംബത്തിൽ മാതാപിതാക്കൾ രണ്ടുപേരും കോവിഡ് ബാധിച്ച് മരണപ്പെട്ടാൽ മക്കൾക്ക് തുല്യമായി ധനസഹായം വീതിച്ച് നൽകാവുന്നതാണ്.
4. കോവിഡ് ബാധിച്ച് മരണപ്പെട്ട വ്യക്തി വിവാഹം കഴിച്ചിട്ടില്ലെങ്കിലോ, വിവാഹം കഴിച്ചവരാണെങ്കിൽ ഭാര്യ/ഭർത്താവ്/മക്കൾ എന്നിവർ ജീവിച്ചിരിപ്പില്ലെങ്കിലോ മരിച്ച വ്യക്തിയുടെ മാതാപിതാക്കൾക്ക് തുല്യമായി വീതിച്ച് നൽകാവുന്നതാണ്.
5. കോവിഡ് ബാധിച്ച് മരിച്ച വ്യക്തിയുടെ മാതാപിതാക്കളും ഭാര്യയും ഭർത്താവും മക്കളും ജീവിച്ചിരിപ്പില്ലെങ്കിൽ മരിച്ച വ്യക്തിയെ ആശ്രയിച്ച് കഴിഞ്ഞിരുന്ന സഹോദരങ്ങൾക്ക് ധനസഹായം തുല്യമായി വീതിച്ചു നൽകാവുന്നതാണ്.
6. കോവിഡ് ബാധിച്ച് മരണപ്പെട്ട വ്യക്തിയുടെ കുടുംബത്തിൽ ഭാര്യ/ഭർത്താവ്/മക്കൾ എന്നിവർക്കൊപ്പം ആശ്രിതരായ മാതാപിതാക്കൾ കൂടി ഉണ്ടെങ്കിൽ അവർക്കും ആനുപാതികമായി ധനസഹായം അനുവദിക്കാവുന്നതാണ്.

പരാമർശം (2) പ്രകാരമുള്ള ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ .എ .ജയതിലക് ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

കമ്മീഷണർ,ലാൻഡ് റവന്യൂ

കമ്മീഷണർ, ദുരന്ത നിവാരണം

മെമ്പർ സെക്രട്ടറി. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

എല്ലാ ജില്ലാ കളക്ടർമാർക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്:

ബഹു.മുഖ്യമന്ത്രിയുടെ പി.എസിന്

ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്

ചീഫ് സെക്രട്ടറിയുടെ എസ്.എസിന്

റവന്യൂവും ദുരന്ത നിവാരണവും അഡീ. ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്

ദുരന്ത നിവാരണം അഡീഷണൽ സെക്രട്ടറിയുടെ സി.എ ക്ക്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ